LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ഡിവിഷനിൽ ഓഫീസ് കാക്കനാട് കളക്ടറേറ്റിലേക്ക് മാറ്റാൻ നടപടി

117(4748) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ ഡിവിഷണൽ ഓഫീസ് എറണാകുളം ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽ പ്രവർത്തിക്കുന്നതിനാൽ വടക്കേ അറ്റത്തെ അതിർത്തിയിലുള്ള നിയോജക മണ്ഡലമായ അങ്കമാലിയിലെയും മറ്റു നിയോജക മണ്ഡലങ്ങളിലെയും പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പ്രസ്തുത ഓഫീസിൽ എത്തിച്ചേരുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റവന്യൂ ഡിവിഷണൽ ഓഫീസിന്റെ പ്രവർത്തനം കാക്കനാട് കല്ലക്ടേറ്റിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

നിലവിൽ ഫോർട്ട് കൊച്ചിയിൽ പ്രവർത്തിച്ചു വരുന്ന റവന്യൂ ഡിവിഷണൽ ഓഫീസ് കാക്കനാട് സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന വിഷയം സംബന്ധിച്ച പ്രൊപ്പോസൽ തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് സ്ഥലം

118(4749) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി.-യുടെ ഉടമസ്ഥതയിൽ റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് വേണ്ടി എത്ര സ്ഥലം കൈമാറുന്നതിനാണ് എൻ.ഒ.സി. ലഭിച്ചിട്ടുള്ളത്;

(ബി) ഭൂമി കൈമാറുന്നതു സംബന്ധിച്ച് എന്നാണ് പി.ഐ.പി. അപേക്ഷ നൽകിയത്; ഭൂമി അനുവദിക്കണം എന്നാവശ്യപ്പെട്ട് എംപ്ലോയിമെന്റ് & ട്രെയിനിംഗ് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത്;

(സി) പ്രസ്തുത ഭൂമി ഡിപ്പാർട്ട്മെന്റിന് കൈമാറിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭൂമി കൈമാറാത്തത്; ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുന്നത്;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തിരമായി വസ്തു കൈമാറുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലവിഭവ (ഐ.ആർ.) വകുപ്പിന്റെ 27-6-2014-ലെ 30863/ഐ.ആർ1/12/ജ.വി.വ. നമ്പർ കത്ത് പ്രകാരം റാന്നി സർക്കാർ ഐ.ടി.ഐ-ക്ക് വേണ്ടി റാന്നി വില്ലേജിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 517/6, 6-2, 6-10 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 0.749 ഹെക്ടർ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പി.ഐ.പി.-യിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ റാന്നി വില്ലേജിൽ സർവ്വേ നമ്പർ 517/6, 6-2, 6-10 ൽപ്പെട്ട 0.749 ഹെക്ടർ സ്ഥലം റാന്നി സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് 4-11-2014-ലെ ഐ 4-23764/10 നമ്പർ കത്ത് പ്രകാരം ടെയിനിംഗ് ഡയറക്ടറിൽ നിന്നും അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഭൂമി കൈമാറിയിട്ടില്ല. കൈമാറേണ്ട സ്ഥലത്തിന്റെ മഹസ്സർ. എഫ്.എം.ബി.-യുടെ പകർപ്പ്, പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ്, സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ്, പി.ഐ.പി.യിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചതിന്റെ രേഖകൾ എന്നിവ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഉചിതമായ ശുപാർശയോടെ അനന്തര നടപടികൾക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട് -വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

119(4750) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) റിവർ മാനേജ്മെന്റ് വഴി പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകളും മാനദണ്ഡങ്ങളും എന്തൊക്കെയെന്നും വ്യക്തമാക്കുമോ?